# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 28 വൈകുന്നേരം 3.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 4 പേർക്ക് രോഗം സ്ഥിരീകരിച്ചു. കണ്ണൂർ ജില്ലയിൽ നിന്നും 3 പേർക്കും കാസർഗോഡ് ജില്ലയിൽ നിന്നും ഒരാൾക്കും ആണ് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 4 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്ന് 2 പേരുടെ വീതം പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 123 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 20773 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 20255 പേർ വീടുകളിലും 518 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 23980 സാമ്പിളുകൾ പരിശോധിച്ചതിൽ 23277 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഏപ്രിൽ 26 ന് ശേഖരിച്ച 3101 സാമ്പിളുകളിൽ 2682 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 2883603 കേസുകളും 198842 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 29435 കേസുകളും 934 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1543 പുതിയ കേസുകളും 62 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. നിലവിൽ 16474 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ സ്റ്റോക്ക് ഉണ്ട്. കൂടാതെ 10,000 കിറ്റുകൾ കൂടി ലഭ്യമാകാനുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 46,370 പി സി ആർ കിറ്റുകളും സ്റ്റോക്കിൽ ഉണ്ട്. 8000 കിറ്റുകൾ വരും ദിവസങ്ങളിൽ ലഭ്യമാകുകയും ചെയ്യും. 51316 ഡാക്രോൺ സ്വാബുകൾ സ്റ്റോക്കുണ്ട്. 410 ഐ സി യൂ വെന്റിലേറ്ററുകൾ ഓർഡർ നൽകിയിട്ടുണ്ട്.

## ചീഫ് സെക്രട്ടറി

ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ മാത്രമാണ് സ്റ്റോക്ക് കുറവുള്ളത്. ക്യാബിനറ്റ് സെക്രട്ടറിക്ക് ടെസ്റ്റ് കിറ്റുകൾ ആവശ്യമാണ് എന്ന് കാട്ടി കത്ത് അയച്ചിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് അവരുടെ നാടുകളിലേക്ക് മടങ്ങിപോകണമെന്നുള്ള ആവശ്യങ്ങൾ ഉയർന്നു വരുന്നുണ്ട്. തൊഴിൽ വകുപ്പ് കമ്മീഷണർ നിരവധി അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ചിരുന്നു. മുഖ്യമന്ത്രി അയച്ച കത്തിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇവരെ തിരിച്ചയക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. മഴ തുടങ്ങുന്നതിന് മുൻപായി റോഡുകളുടേയും, പാലങ്ങളുടേയും മറ്റും അറ്റകുറ്റ പണികൾ തീർപ്പാക്കേണ്ടതുണ്ട്. ഇതിനായൊരു യോഗം നടത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ഇതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നദികളിൽ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കോവിഡ് പ്രശ്നം കാരണം മന്ദഗതിയിലാണ്. എന്നാൽ വകുപ്പ് സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുമായി സംസാരിക്കുകയുണ്ടായി. സിവിൽ സപ്ലൈസിന്റെ സ്റ്റോക്കിൽ ആശങ്കപ്പെടേണ്ടതില്ല. കൂടാതെ സിവിൽ സപ്ലൈസ് സെക്രട്ടറി സ്വകാര്യ മൊത്തവിതരണക്കാരുമായി സംസാരിക്കുകയുണ്ടായി. ചരക്ക് വാഹനങ്ങളുടെ വരവിൽ നേരിയ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതുണ്ട്. മഴക്കാലം വരുന്നതിനാൽ മാലിന്യം നീക്കേണ്ടത് അനിവാര്യമാണ്. ഇതിനായുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആന്റീബോഡി ടെസ്റ്റ് കിറ്റുകളുടെ നിർമ്മാതാക്കളുമായി സംസാരിച്ചിരുന്നു. ഐ സി എം ആർ ന്റെ അംഗീകാരം ലഭിക്കുകയാണെങ്കിൽ ഇവരിൽ നിന്ന് കിറ്റുകൾ വാങ്ങാവുന്നതാണ്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ആരോഗ്യ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി വിദഗ്ദ്ധ സമിതിയുമായി വീഡിയോ കോൺഫറൻസ് നടത്തി. ഐ സി എം ആർ പുതിയൊരു രോഗലക്ഷണം കൂടി ടെസ്റ്റിങ്ങിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഐ എൽ ഐ (ജലദോഷപ്പനി) ലക്ഷണങ്ങളുള്ളവരെ, ഈ ലക്ഷണങ്ങളുള്ള അതിഥി തൊഴിലാളികൾ എന്നിവരെയാണ് ഈ ടെസ്റ്റിംഗിന്റെ പരിധിയിൽ കൊണ്ടുവരുന്നത്. വിദഗ്ദ്ധ സമിതി ഇത് ചർച്ച ചെയ്ത് രണ്ട് നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഐ ഡി എസ് പി റിപ്പോർട്ട് പ്രകാരം ഏതെങ്കിലും പ്രദേശത്ത് / കുടുംബത്തിൽ ജലദോഷപ്പനി കേന്ദ്രീകരിക്കുന്നതായി കാണുകയാണെങ്കിൽ, കേരളത്തിന്റെ പല പ്രദേശങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ വരുന്ന ജലദോഷപ്പനിയുള്ള ഗർഭിണികൾ, ആരോഗ്യ പ്രവർത്തകർ, മറ്റ് രോഗമുള്ളവർ, പ്രായാധിക്യം ഉള്ളവർ, പോലീസുകാർ, മരുന്ന് കടക്കാർ, എന്നിവരെയുമാണ് ടെസ്റ്റ് ചെയ്യേണ്ടത്. ഇതിനായുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. രോഗത്തിന് സമൂഹ വ്യാപനം നടന്നിട്ടുണ്ടോ എന്ന് മാധ്യമങ്ങൾ എല്ലാം ചർച്ച ചെയ്യുന്നുണ്ട്. ഇതിനായി പഠനങ്ങൾ നടത്തേണ്ടത് ആവശ്യമാണ്. പഠനത്തിന് ആവശ്യമായ ആന്റീബോഡി കിറ്റുകൾ എച്ച് എൽ എല്ലിൽ നിന്നും വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ കെ എം എസ് സി എൽ വഴി നടക്കുന്നുണ്ട് എന്നാണ് അറിയുന്നത്. ഇത് കൂടാതെ രണ്ട് സ്ഥാപനങ്ങൾ കൂടി ആന്റീ ബോഡി കിറ്റുകൾ നിർമ്മിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. രാജീവ്ഗാന്ധി സെന്റർ ഫോർ